# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3292

11.05.2017-ൽ
മറുപടിയ്ക്ക്

### ഒറ്റപ്പാലത്ത് മെഗാ ഫുഡ് പാർക്ക്

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാം മെഗാ ഫുഡ് പാർക്കുകൾ പ്രവർത്തിച്ചു വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | എ) സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. 70 ഏക്കർ ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഭക്ഷ്യ സംസ്കരണ മേഖലയിലെ നിക്ഷേപം ആകർഷിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വ്യവസായങ്ങൾ ആരംഭിക്കുന്ന സംരംഭകർക്ക് ജലം, വൈദ്യുതി, വെയർഹൗസ്, ശീതീകരണ സംവിധാനം എന്നീ സൗകര്യങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ഒരു ബഹുനില വ്യവസായ സമുച്ചയവും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>ഇതിനു പുറമെ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽപ്പെട്ട പള്ളിപ്പുറം വില്ലേജിൽ 65 ഏക്കർ ഭൂമിയിൽ കേന്ദ്രസർക്കാർ സഹായത്തോടെ ഒരു മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. |
| ബി) ഒറ്റപ്പാലത്ത് മെഗാ ഫുഡ് പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ